ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 12.30 PM

## പ്രധാനവാർത്തകൾ

DATE:16.06.2026

1. ജി7 ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഫ്രാൻസിലെത്തും. നിരവധി ലോകനേതാക്കളുമായി കൂടിക്കാഴ്ച നടത്തും.
2. ജനാധിപത്യത്തിൽ പൊതുജനപങ്കാളിത്തത്തിന്റെ പ്രാധാന്യം വളരെ വലുതെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള. വികസിത് ഭാരത് യൂത്ത് പാർലമെന്റ് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തു.
3. സംസ്ഥാനത്ത് സെൻസസ് പ്രാരംഭ നടപടികൾക്ക് തുടക്കമായി. സെൽഫ് എന്യൂമറേഷൻ പോർട്ടലിൽ വിവരങ്ങൾ രേഖപ്പെടുത്തി ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ.
4. സംസ്ഥാനത്തെ നിപ - ഷിഗെല്ലാ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമെന്ന് ആരോഗ്യമന്ത്രി കെ മുരളീധരൻ.
5. നീറ്റ് യുജി പുനഃപരീക്ഷയ്ക്ക് മുന്നോടിയായി മെസ്സേജിംഗ് ആപ്പായ ടെലിഗ്രാമിന് നിയന്ത്രണം ഏർപ്പെടുത്തി കേന്ദ്ര സർക്കാർ.
6. ന്യൂസിലൻഡിൽ നടക്കുന്ന വനിതകളുടെ എഫ്ഐഎച്ച് ഹോക്കി നേഷൻസ് കപ്പിൽ ഇന്ത്യ സെമിഫൈനലിൽ.

RNU TVPM

## പി എം - ജി 7

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വിദേശപര്യടനം തുടരുന്നു. ജി7 ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി അദ്ദേഹം ഇന്ന് ഫ്രാൻസിലെ ഇവിയനിൽ എത്തും. അന്താരാഷ്ട്ര ഐക്യദാർഢ്യം പുനർനിർമ്മിക്കുക എന്ന വിഷയത്തിൽ നടക്കുന്ന സെഷനിൽ പ്രധാനമന്ത്രി ഇന്ന് പങ്കെടുക്കും. ഉച്ചകോടിയോടനുബന്ധിച്ച് കാനഡ, യു കെ എന്നീ രാജ്യങ്ങളിലെ പ്രധാനമന്ത്രിമാരുമായും UAE പ്രസിഡന്റുമായും ശ്രീ മോദി കൂടിക്കാഴ്ച നടത്തും.

**************************

## യൂത്ത് പാർലമെന്റ്

ജനാധിപത്യത്തിൽ പൊതുജനപങ്കാളിത്തത്തിന്റെ പ്രാധാന്യം വളരെ വലുതെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള. മൈ ഭാരത് സംഘടിപ്പിക്കുന്ന വികസിത് ഭാരത് യൂത്ത് പാർലമെന്റ് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പരിപാടിയിൽ കോഴിക്കോട് നിന്നുള്ള അലീഷ അനിൽ, ശിവാനി എം, കണ്ണൂർ സ്വദേശി ദേവിക കെ എന്നിവർ പങ്കെടുക്കുന്നുണ്ട്.

PNU TVPM

**************************

## സെൻസസ്

സംസ്ഥാനത്ത് സെൻസസ് പ്രാരംഭ നടപടികൾക്ക് തുടക്കമായി. പൊതുജനങ്ങൾക്ക് സ്വയം വിവരങ്ങൾ രേഖപ്പെടുത്താവുന്ന, സെൽഫ് എന്യൂമറേഷൻ സംവിധാനം 15 ദിവസം ലഭ്യമാകും. se.census.gov.in പോർട്ടൽ വഴി വിവരങ്ങൾ നേരിട്ട് സമർപ്പിക്കാം. ഇവ, ജൂലൈ 1 മുതൽ ആരംഭിക്കുന്ന ഫീൽഡ് സന്ദർശനത്തിനിടെ എന്യൂമറേറ്റർമാർ പരിശോധിച്ച്

സ്ഥിരീകരിക്കും. സംശയനിവാരണത്തിനായി 1855 എന്ന ടോൾ ഫ്രീ ഹെല്പ് ലൈൻ നമ്പർ സജ്ജമാക്കിയിട്ടുണ്ട്.

***************************

## സെൻസസ് - ഗവർണർ

ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ലോക്ഭവനിൽ സെൽഫ് എന്യൂമറേഷൻ പോർട്ടലിൽ വിവരങ്ങൾ രേഖപ്പെടുത്തി. സെൻസസ് 2027 രാഷ്ട്ര വികസനത്തിൽ ഏറെ നിർണായകമാണെന്ന് ഗവർണർ പറഞ്ഞു. എല്ലാ ജനങ്ങളും സെൽഫ് എന്യൂമറേഷനിൽ പങ്കാളികളാകണമെന്നും ഗവർണർ അഭ്യർത്ഥിച്ചു.

***************************

## നിപ (ഇൻട്രോ)

കോഴിക്കോട് ജില്ലയിൽ നിപ പ്രതിരോധ നടപടികൾ ഊർജ്ജിതം. ഇതുവരെ പുതിയ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. നിരീക്ഷണത്തിനായി എത്തിയ കേന്ദ്ര സംഘം പ്രദേശത്ത് സന്ദർശനം തുടരുകയാണ്.

RNUTVPM

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു....**

(വോയിസ്....)

***************************

## ഷിഗല്ല

സംസ്ഥാനത്ത് വിവിധയിടങ്ങളിൽ വീണ്ടും ഷിഗെല്ല രോഗബാധ റിപ്പോർട്ട് ചെയ്തു. കോഴിക്കോട് ഫറോക്കിൽ എട്ടു വയസുകാരന് രോഗബാധ സ്ഥിരീകരിച്ചു. കോഴിക്കോടും

കണ്ണൂരും ഇന്നലെയും രണ്ടു കുട്ടികൾക്ക് വീതം ഷിഗല്ല സ്ഥിരീകരിച്ചിരുന്നു. ആരോഗ്യ - ഭക്ഷ്യസുരക്ഷാ വകുപ്പുകളുടെ മുൻകരുതൽ നടപടികൾ ശക്തമായി തുടരുകയാണ്. ഈ വർഷം ഇതുവരെ അഞ്ചു പേരാണ് ഷിഗെല്ല ബാധിച്ച് മരിച്ചത്.

***************************

## ആരോഗ്യമന്ത്രി

സംസ്ഥാനത്തെ നിപ - ഷിഗെല്ലാ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമെന്ന് ആരോഗ്യമന്ത്രി കെ മുരളീധരൻ. ഇന്ന് പകർച്ചവ്യാധികൾ തടയാനുള്ള മാർഗ്ഗങ്ങൾ വിദഗ്ധരുമായി ചർച്ച ചെയ്യതായി അദ്ദേഹം പറഞ്ഞു. ഇതിനായി ഉന്നതാധികാര സമിതി രൂപീകരിക്കാൻ തീരുമാനമായതായും ജാഗ്രത ശക്തിപ്പെടുത്തുമെന്നും മന്ത്രി തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

RNU TVPM

***************************

## ടെലഗ്രാം - നിയന്ത്രണം

നീറ്റ് യുജി പുനഃപരീക്ഷയ്ക്ക് മുന്നോടിയായി മെസ്സേജിംഗ് ആപ്പായ ടെലിഗ്രാമിന് ഈ മാസം 22 വരെ കേന്ദ്ര സർക്കാർ നിയന്ത്രണം ഏർപ്പെടുത്തി. പരീക്ഷാ അട്ടിമറികളും തട്ടിപ്പുകളും തടയുന്നതിന്റെ ഭാഗമായാണ് നടപടി. വിദ്യാർത്ഥികളുടെ താൽപ്പര്യം മുൻനിർത്തി പരീക്ഷ സുരക്ഷിതമായി നടത്താൻ ഈ നടപടികൾ സഹായിക്കുമെന്ന് എൻടിഎ വ്യക്തമാക്കി.

***************************

## നീറ്റ് - അഡ്മിറ്റ്

നീറ്റ് യുജി പുനഃപരീക്ഷയ്ക്കുള്ള അഡ്മിറ്റ് കാർഡുകൾ, 24 മണിക്കൂറിനുള്ളിൽ പത്ത് ലക്ഷത്തിലധികം പേർ

ഡൗൺലോഡ് ചെയ്യതായി നാഷണൽ ടെസ്റ്റിംഗ് ഏജൻസി. എല്ലാ പരീക്ഷാർത്ഥികൾക്കും കൃത്യസമയത്ത് അഡ്മിറ്റ് കാർഡുകൾ ലഭിക്കുമെന്ന് എൻടിഎ ഉറപ്പുനൽകി.

***************************

## എഫ്ഐഎച്ച് ഹോക്കി

ന്യൂസിലൻഡിൽ നടക്കുന്ന വനിതകളുടെ എഫ്ഐഎച്ച് ഹോക്കി നേഷൻസ് കപ്പിൽ ഇന്ത്യ സെമിഫൈനലിൽ പ്രവേശിച്ചു. ക്വാർട്ടർ ഫൈനലിൽ ജപ്പാനെ ഒന്നിനെതിരെ രണ്ടു ഗോളിനാണ് ഇന്ത്യ പരാജയപ്പെടുത്തിയത്. അതേസമയം, പുരുഷന്മാരുടെ, എഫ്ഐഎച്ച് ഹോക്കി പ്രോ ലീഗിൽ ഇന്ത്യ നാളെ ജർമ്മനിയെ നേരിടും.

***************************

## ലോകകപ്പ് ഫുട്ബോൾ

ലോകകപ്പ് ഫുട്ബോളിൽ ആരാധകർ ഏറെയുള്ള മത്സരങ്ങൾക്ക് ഇനി മണിക്കൂറുകളുടെ കാത്തിരിപ്പ് മാത്രം. ഐ ഗ്രൂപ്പിൽ അർദ്ധരാത്രി 12:30 ന് ഫ്രാൻസ് സെനഗലുമായി ഏറ്റുമുട്ടും. പുലർച്ചെ 3:30 നാണ് ഇറാക്ക് - നോർവേ പോരാട്ടം. ജെ ഗ്രൂപ്പിൽ രാവിലെ 6:30 ന് അർജന്റീന അൾജീരിയയെയും നേരിടും.

RNU TVPM

***************************

## ഇടുക്കി (ഇൻട്രോ)

മൂന്നാർ വന്യജീവി ഡിവിഷനിൽ പതിനൊന്ന് പുതിയ ജീവിവർഗങ്ങളെക്കൂടി കണ്ടെത്തി. വനംവന്യജീവി വകുപ്പും ട്രാവൻകൂർ നേച്ചർ ഹിസ്റ്ററി സൊസൈറ്റിയും സംയുക്തമായി നടത്തിയ ജന്തുജാല സർവേയിലാണ് പുതിയ കണ്ടെത്തൽ.

ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്...

(വോയിസ്)

**************************

## യോഗ

അന്താരാഷ്ട്ര യോഗാ ദിനത്തിനുള്ള വിപുലമായ ഒരുക്കങ്ങൾ രാജ്യത്ത് പുരോഗമിക്കുന്നു. ഈ മാസം 21 നാണ് യോഗാ ദിനാചരണം. "ആരോഗ്യകരമായ വാർദ്ധക്യത്തിന് യോഗ" എന്നതാണ് ഈ വർഷത്തെ യോഗ ദിനത്തിന്റെ പ്രമേയം.

**************************

## പത്മ പുരസ്കാരം

2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിക്കും. രാഷ്ട്രപതി ഭവനിൽ ഈ മാസം 23 ന് നടക്കുന്ന ചടങ്ങിൽ നടൻ മമ്മൂട്ടി പദ്മഭൂഷൺ സ്വീകരിക്കും.

RNU TVPM

**************************

## ബ്രാൻഡഡ് കമ്പനി (ഇൻട്രോ)

ടൂത്ത്പേസ്റ്റ് കമ്പനിയായ കോൾഗേറ്റിനെതിരെ മൂന്നുവർഷത്തെ നിയമ പോരാട്ടം നടത്തി വിജയിച്ച് ആറന്മുള സ്വദേശി. ഓഫർ എന്ന പേരിൽ ഉപഭോക്താക്കളെ തെറ്റിദ്ധരിപ്പിച്ചതിനെതിരെ മനീഷ് നായർ എന്ന വ്യക്തി നടത്തിയ പോരാട്ടം രാജ്യവ്യാപകമായി ശ്രദ്ധ നേടുകയാണ്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ല പ്രതിനിധി ശ്രീജി എസ് ശ്രീധർ...**

(വോയിസ്)

***************************

## മഴ

സംസ്ഥാനത്ത് ഒറ്റപ്പെട്ട ഇടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് കോട്ടയം, എറണാകുളം ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ശക്തമായ കാറ്റിന് സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണം.

***************************

## ഓഹരി + സ്വർണം

രാജ്യത്തെ ഓഹരി വിപണകളിൽ നേട്ടം. സെൻസെക്സ് 358 പോയിന്റ് ഉയർന്ന് 76,621 ലും, നിഫ്റ്റി 81 പോയിന്റ് നേട്ടത്തിൽ 23,932 ലും വ്യാപാരം തുടരുന്നു. സ്വർണവില കുറഞ്ഞു. പവന് 120 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 11,000 രൂപയും ഗ്രാമിന് 13,875 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

***************************

## ഇ.ഡി - സി.എം.ആർ.എൽ-എക്സാലോജിക്

സി.എം.ആർ.എൽ-എക്സാലോജിക് പണമിടപാടുമായി ബന്ധപ്പെട്ട് എം.ഡി ശശിധരൻ കർത്തയുടെ ഭാര്യ, മകൻ എന്നിവർ ചോദ്യം ചെയ്യലിനായി കൊച്ചിയിലെ ഇ.ഡി ഓഫിസിൽ ഹാജരായി. ഇന്നലെ ശശിധരൻ കർത്തയുടെ മകളെയും ചോദ്യം ചെയ്തിരുന്നു. എക്സാലോജിക് കമ്പനി മേധാവി വീണയോടും ചോദ്യം ചെയ്യലിന് ഹാജരാകാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

***************************

## ലക്ഷദ്വീപ് - യാത്രിസുവിധാ ദിവസ്

യാത്രി സുവിധാ ദിവസ് ആഘോഷങ്ങളുടെ ഭാഗമായി ലക്ഷദ്വീപിലെ ഏക വ്യോമയാന കേന്ദ്രമായ അഗത്തി വിമാനത്താവളത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ശുചീകരണ ജീവനക്കാരെയും വ്യോമയാന മേഖലയിലെ വനിതാ ജീവനക്കാരെയും ചടങ്ങിൽ ആദരിച്ചു. പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി വൃക്ഷത്തൈ നടീൽ, സൗജന്യ ആരോഗ്യ പരിശോധനാ ക്യാമ്പ്, ചിത്രരചനാ മത്സരങ്ങൾ തുടങ്ങിയവയും സംഘടിപ്പിച്ചു.

***************************

## മലപ്പുറം ജില്ല പിറന്നാൾ

മലപ്പുറം ജില്ലക്ക് ഇന്ന് 57 വയസ്സ്. കോഴിക്കോട് ജില്ലയിലെ ഏറനാട്, തിരൂർ താലൂക്കുകളും പാലക്കാട് ജില്ലയിലെ പെരിന്തൽമണ്ണ, പൊന്നാനി താലൂക്കുകളും സംയോജിപ്പിച്ചു കൊണ്ട് 1969 ജൂൺ 16 നാണ് മലപ്പുറം ജില്ല രൂപീകൃതമായത്.

***************************

## വാട്ടർ അതോറിറ്റി

അടിയന്തര അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ, അരുവിക്കര ജലശുദ്ധീകരണശാലയുടെ പ്രവർത്തനം ഇന്ന് 1 മണി വരെ തടസ്സപ്പെടും.

*

***************

*************************************

RNU TVPM

RNU TVPM